[Mr. M. K. Varghese]

(ബി) മേല്പറഞ്ഞ ഹർജികളിൽ അതാതുകൊല്ലം ആദ്യത്തെ ഒൻപതു മാസത്തിനുള്ളിൽ തീരുമാനം ചെയ്തിട്ടുള്ളവ എത്ര?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) & (ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരം ശേഖരിപ്പാൻ വേണ്ടിവരുന്ന സമയവും ആലോചനയും അതുകൊണ്ടു സാധിക്കാവുന്ന കാര്യത്തിനാവശ്യമായതല്ല ഇരിക്കുന്നതു്.

CULTIVATED LAND IN CHEMPAKASSERI, TATTAMANGALAM VILLAGE

65. **Mr. A. Eachara Menon** *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) whether they are aware that there are few acres of land in Chempakasseri, Tattamangalam village which have not the benefit of the irrigation under the Moolathura system;

(*b*) whether they are aware that about twenty acres of land have not been cultivated for want of water facilities;

(*c*) the other lands are not yielding as they ought to for want of water?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) Yes.

(*b*) Yes. But, for the past few years single crop is usually raised in this area.

(*c*) Yes. But, these lands do not come under the regular anicut of the Moolathura system and extensions to this system are discouraged due to paucity of water.

OBJECTION REGARDING—CRIMINAL LAW AMENDMENT ACT

66. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ക്രിമിനൽ ലോ ഭേദഗതി ആക്ടിൽ പത്രങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ തടയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു മുമ്പായി പത്ര ഉപദേശകസമിതിയോടു് ആലോചിക്ക ഉണ്ടായിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ചു് കമ്മിറ്റി എതിരഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടോ?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) ഇല്ല.

(ബി) ഇല്ല.

RAM MOHAN PALACE—TAKING CHARGE OF—

67. ചൌധരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) യുദ്ധകാലത്തു് മിലിട്ടറിക്കാരുടെ കയ്യിലിരുന്ന റാംമോഹൻ പാലസ്സു് ഇപ്പോൾ മുഴുവനായും ഗവൺമെണ്ടു് ഏറ്റെടുത്തിട്ടുണ്ടോ; അവിടെയുണ്ടായിരുന്ന മെഡിക്കൽ ഉപകരണങ്ങളും ഗവൺമെണ്ടു് വാങ്ങിച്ചിട്ടുണ്ടോ;

(ബി) എത്ര മാസങ്ങളായി ഇവയെല്ലാം ഗവൺമെണ്ടിന്റെ കൈവശം കിട്ടിയിട്ടു്;

(സി) എറണാകുളത്തെ "ജനറൽ ഹോസ്പിറ്റൽ" അങ്ങോട്ടു മാറ്റണമെന്നു് വല്ല ആലോചനയുമുണ്ടായിരുന്നുവോ;

(ഡി) ഉണ്ടെങ്കിൽ ഇതുവരേക്കും അങ്ങിനെ ചെയ്യാത്തതു് എന്തുകൊണ്ടു്?

റാവു ബഹദൂർ ടി കെ. നായർ:

(എ) ഉവ്വു്.

(ബി) രണ്ടാഴ്ചകഴിഞ്ഞു.

(സി) ഉവ്വു്.

(ഡി) ഇതിനു ഗവൺമെണ്ടു് വേണ്ട നടപടി എടുക്കുന്നുണ്ടു്.

PETROL SUPPLY TO MESSRS. GANNAN DUNKERLY & CO.

68. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

തൃശ്ശിവപേരൂർ മുനിസിപ്പൽ റോഡു് കോൺക്രീറു് ഇടുന്ന മെസ്സേഴ്സു് ഗാനൻ ഡങ്കേർലി കമ്പനിക്കാർക്കു കൊടുക്കുന്ന പെട്രോളിന്റെ വില അവർ തരുമോ?

റാവു സാഹിബു് കെ. അയ്യപ്പൻ: മെസ്സേഴ്സു് ഗാനൻ ഡങ്കേർലി കമ്പനിക്കാർതന്നെയാണു് പെട്രോളിന്റെ വില കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly